ലബോറട്ടറി സംവിധാനം ഏർപ്പെടുത്താൻ നടപടി

55(753) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലബോറട്ടറി സംവിധാനം ഇല്ലാത്ത പി.എച്ച്.സി.-കളിലും, സി.എച്ച്.സി.-കളിലും പ്രസ്തുത സംവിധാനം ഏർപ്പെടുത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന വിശദമാക്കുമോ ?

ഉത്തരം

ദേശീയ ആരോഗ്യ ദൗത്യത്തിന്റെ സമഗ്ര ആരോഗ്യ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തിലെ തെരഞ്ഞെടുക്കപ്പെട്ട 250 പ്രാഥമിക/സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിൽ ഗ്രാമപഞ്ചായത്തുമായി സഹകരിച്ച് ലബോറട്ടറി സംവിധാനം ആരംഭിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ലബോറട്ടറി സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കുന്നതിന് 3,20,000 രൂപയാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്. ആയതിന്റെ 80% തുക സമഗ്ര ആരോഗ്യ പദ്ധതിയിലൂടെ എൻ.എച്ച്.എം. വഴിയും 20% തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും വകയിരുത്തുകയും ചെയ്യുന്നു. ഇതുവരെ 171-ഓളം പ്രാഥമിക/സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലെ ലാബുകളുടെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ബാക്കിയുള്ള സ്ഥാപനങ്ങളിലെ സജ്ജീകരണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു.

ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിന് അനുവദിച്ച തുക

56(754) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ നെടുങ്ങോലം താവൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിന് അനുവദിച്ച തുക എത്രയാണ്, വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക ഏതൊക്കെ ആവശ്യങ്ങൾക്കാണ് വിനിയോഗിക്കുന്നതെന്നും അതുമൂലം ഏതൊക്കെ ഗുണഫലങ്ങളാണ് രോഗികൾക്ക് ലഭിക്കുന്നതെന്നും അറിയിക്കുമോ;

(സി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം എന്നത്തേയ്ക്ക് പ്രാവർത്തികമാക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ; വിശദാംശം വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 180 (നൂറ്റി എൺപത്) രക്ഷം രൂപ അനുവദിച്ചു. ഇതിൽ 170 (നൂറ്റി എഴുപത്) രക്ഷം രൂപ ഉപകരണങ്ങൾ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്.

(ബി) ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിനാവശ്യമായ കെട്ടിട നിർമ്മാണം, ഉപകരണങ്ങൾ, ഫർണിച്ചർ, മരുന്നുകൾ ഇവ വാങ്ങുന്നതിനും കോൺടാക്ട് സ്റ്റാഫിന്റെ ഓണറേറിയം എന്നീ ആവശ്യങ്ങൾക്കാണ് വിനിയോഗിക്കുന്നത്. വൃക്ക രോഗികൾക്ക് ഈ യൂണിറ്റിന്റെ പ്രവർത്തനം വളരെയധികം ആശ്വാസദായകമാകുന്നതാണ്.

(സി) കെട്ടിടം പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽനിന്നും ഉപകരണങ്ങൾ ലഭ്യമാക്കി എത്രയും വേഗം യൂണിറ്റിന്റെ പ്രവർത്തനം പ്രാവർത്തികമാക്കുവാൻ കഴിയുന്നതാണ്.

ഡയാലിസിസ് യൂണിറ്റുകൾ

57(755) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളിലെ ഡയാലിസിസ് യൂണിറ്റുകൾ പലതും പ്രവർത്തനക്ഷമമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ ;

(സി) ഇതു പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇത്തരത്തിലൊരു പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ബാധകമല്ല.

ഹെൽത്ത് സെന്ററിൽ ഡോക്ടർമാരുടെ കുറവ്

58(756) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഡോക്ടർമാരുടെ കുറവുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly